
# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## ജോലി ലഭിക്കുവാനുള്ള പ്രാർത്ഥന-Job




### ജോലി ലഭിക്കുവാനുള്ള പ്രാർത്ഥന

നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ കല്പിച്ച കർത്താവേ ഒരു ജോലിക്കുവേണ്ടി അലയുന്ന എന്നെ ഞാൻ അങ്ങേക്ക് സമർപ്പിക്കുന്നു. എന്റെ തൊഴിലില്ലായ്മമൂലം കഷ്ടപ്പെടുന്ന എന്റെ കുടുംബത്തെ അങ്ങേ പാദത്തിൽ സമർപ്പിച്ചുകൊണ്ട് ഞാൻ അങ്ങയെ സ്തുതിക്കുന്നു. അങ്ങയെ മഹത്വപ്പെടുത്തുന്നു. നസ്രത്തിലെ തച്ചന്റെ ജോലിചെയ്ത് ജീവിച്ച യേശുവേ അങ്ങ് കാണിച്ചുതരുന്ന ഏതു ജോലിയും ചെയ്യുന്നതിനുള്ള ശക്തിയും വിനയവും എനിക്കു നൽകേണമേ. അദ്ധ്വാനിക്കാത്തവർ ഭക്ഷിക്കാതിരിക്കട്ടെ എന്നുള്ള തിരുവചനം ഓർത്തുകൊണ്ട് അലസതയും ഭീരുത്വവും ദുരഭിമാനവും വെടിഞ്ഞ് നല്ല ഉന്മേഷത്തോടുകൂടി ജോലി ചെയ്യുവാനുള്ള കഴിവും തരേണമേ. അങ്ങനെ എന്റെ ജീവിതം ഐശ്വര്യപൂർണ്ണമാക്കാൻ കൃപചെയ്യണമെ. ആമ്മേൻ, ഹല്ലേലൂയ്യാ.

തിരുവചനം

മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം (റോമാ 9:16).

നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും (യോഹന്നാൻ 15:16).

എനിക്കു നീതി നടത്തിത്തരുന്ന ദൈവമേ, ഞാൻ വിളിച്ചപേക്ഷിമ്പോൾ എനിക്ക് ഉത്തരമരുളണമേ ഞെരുക്കത്തിൽ എനിക്ക് അങ്ങ് അഭയമരുളി, കാരുണ്യപൂർവ്വം എന്റെ പ്രാർത്ഥന കേൾക്കണമേ 37:4 കർത്താവിൽ ആനന്ദിക്കുക, അവിടുന്നു നിന്റെ ആഗ്രഹങ്ങൾ സാധിച്ചുതരും (സങ്കീർത്തനങ്ങൾ 4:1).

+++